**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 370. 12.05.2017 -ലെ മറുപടിക്ക്.

## തൊഴിൽ വകുപ്പിന് കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ബാബു**<br>**ശ്രീ.കെ.ദാസൻ**<br>**ശ്രീ.റ്റി.വി.രാജേഷ്**<br>**ശ്രീ.ഐ.ബി. സതീഷ്:** | **ശ്രീ. ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |

| | |
|---|---|
| (എ) തൊഴിൽ വകുപ്പിന് കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളെ പുന:സംഘടിപ്പിച്ച് കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന 11 ക്ഷേമനിധി ബോർഡുകൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) ക്ഷേമനിധി അംഗങ്ങൾക്ക് ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പുതുക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധി പെൻഷൻ തുക 2016 ജൂൺ മുതൽ 600 രൂപയിൽ നിന്നും 1000 രൂപയായും 2017 ഏപ്രിൽ മുതൽ 1100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്,കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്,കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകൾ നൽകിവരുന്ന ആനുകൂല്യങ്ങളിൽ ചിലവ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. ക്ഷേമ പെൻഷനുകളും മറ്റാനുകൂല്യങ്ങളും കാലോചിതമായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമായി നടക്കുന്നുവെന്ന് ഉറപ്പു വരുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) സ്വീകരിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എല്ലാ ബോർഡുകളിലും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ക്ഷേമനിധി അംശദായം നേരിട്ട് ഓഫീസുകളിലെത്തി അടയ്ക്കുന്നതിനുപകരം എൻ.ഇ.എഫ്.റ്റി സൗകര്യമുള്ള ബാങ്ക് വഴി |

| | |
|---|---|
| | അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. പെൻഷൻ ഉൾപ്പെടെയുള്ള എല്ലാവിധ ആനുകൂല്യങ്ങളും ബാങ്ക് വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആനുകൂല്യ അപേക്ഷകളുടെ തീർപ്പാക്കൽ, അംശദായം ഒടുക്കുക എന്നിവ എസ്.എം.എസ്. വഴി തൊഴിലാളികളെ അറിയിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ക്ഷേമനിധി ബോർഡുകളിൽ ഡിജിറ്റൈസേഷന് വേണ്ടി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം എന്ന സോഫ്റ്റ് വെയർ കെൽട്രോണിന്റെ സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. അക്ഷയ സെന്ററുകളുടെ സഹായത്തോടെ അംഗങ്ങളുടെ വ്യക്തിഗത വിവരങ്ങൾ, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ഫോട്ടോ എന്നിവ കൂടി ഉൾപ്പെടുത്തി ഡേറ്റ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ